# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ആഗസ്റ്റ് 12**

**August 12**

**2018**

***1193 കർക്കിടകം 27 ഞായർ***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ജില്ലയിൽ 2477 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ: എല്ലാ സൗകര്യങ്ങളും ഒരുക്കി ജില്ലാ ഭരണകൂടം**

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കി ജില്ലാ കലക് ടർ പി ബി നൂഹ് നേതൃത്വത്തിൽ ജില്ലാ ഭരണകൂടം .ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനം പൂർണമായും ജില്ലാ കലക് ടർ നേരിട്ടാണ് നിർവഹിക്കുന്നത്. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ ദുരന്ത നിവാരണ അതോറിറ്റിയുടെയും വിവിധ വകുപ്പ് ഉദ്യോഗ്സ്ഥരുടെയും അടിയന്തര യോഗങ്ങൾ ചേർന്ന് ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ജില്ലാകലക് ടർ വ്യക്തമായ നിർദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അടൂർ, തിരുവല്ല ആർ ഡി ഒ മാരും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന താലൂക്കുകളിലെ തഹസിൽദാർമാരും റവന്യൂ ഉദ്യോഗസ്ഥരും പൂർണ സമയം ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി വരുന്നുണ്ട്. പൊലീസ്, ഫയർഫോഴ്സ് വകുപ്പുകൾ ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള എല്ലാ മുൻകരുതൽ നടപടികളുടമായി ദുരിത ബാധിത പ്രദേശങ്ങളിൽ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആകെ 34 ക്യാമ്പുകളിലായി 742 കുടുംബങ്ങളിലെ 2477 ആളുകളാണ് ഉള്ളത്. തിരുവല്ല താലൂക്കിൽ 25 ക്യാമ്പുകളിലായി 628 കുടുംബങ്ങളിലെ 2060 പേരും കോഴഞ്ചേരി താലൂക്കിൽ ഒൻപത് ക്യാമ്പുകളിലായി 114 കുടുംബങ്ങിളിലെ 417 പേരും കഴിയുന്നു. എല്ലാ ദുരുതാശ്വാസ ക്യാമ്പുകളിലും ഭക്ഷണം വയ്ക്കുന്നതിനുള്ള സാധനങ്ങൾ. പാചകം ചെയ്യുന്നതിനുള്ള ഗ്യാസ് എന്നിവ സിവിൽ സപ്ലൈസ് കോർ

പ്പറേഷനിൽ നിന്നും വില്ലേജ് ഓഫീസർമാരുടെ നേതൃത്വത്തിൽ എത്തിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ലഭ്യമല്ലാത്ത സാധനങ്ങൾ പ്രാദേശികമായി ശേഖരിച്ചിച്ചാണ് ക്യാമ്പുകളിൽ എത്തിക്കുന്നത്.

ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ടീമുകൾ ക്യാമ്പുകൾ സന്ദർശിച്ച് പരിശോധനയും ചികിത്സ ആവശ്യമുള്ളവർക്ക് മരുന്നുകളും നൽകുന്നുണ്ട്. ആരോഗ്യ സേവനങ്ങളുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ ഷൈലജയുടെ നേതൃത്വത്തിൽ സൂക്ഷ്മമായി വിലയിരുത്തുന്നുണ്ട്. പകർച്ചവ്യാധിപോലുള്ള അടിയന്തര സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള ബോധവത്കരണവും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ക്യാമ്പുകളിൽ നടത്തി വരുന്നുണ്ട്.

ക്യാമ്പുകൾ പ്രവർത്തിക്കുന്ന തിരുവല്ല, കോഴഞ്ചേരി താലൂക്കുകളിൽ തഹസിൽദാർമാരുടെ നേതൃത്വത്തിലുള്ള സംഘം പരിശോധന നടത്തി സൗകര്യങ്ങൾ വിലയിരുത്തുന്നുണ്ട്. പമ്പ ഡാമിന്റെ ഒന്നൊഴികെയുള്ള എല്ലാ ഷട്ടറുകളും താഴ്ത്തിയതോടെ ജലനിരപ്പിൽ കുറവുണ്ടായിട്ടുണ്ട്. ആനത്തോട് ഡാമിന്റെ നാല് ഷട്ടറുകൾ തുറന്നരുന്നതിൽ രണ്ടെണ്ണം അടച്ചു. മല്ലപ്പള്ളി താലൂക്കിലെ പുറമറ്റം വില്ലേജിലെ പ്രവർത്തിച്ചിരുന്ന ക്യാമ്പിൽ നിന്നും ആളുകൾ മടങ്ങി.

തിരുവല്ല താലൂക്കിൽ 25 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്. ഇരവിപേരൂർ വില്ലജിലെ വാടിക്കുളം എൻ എസ് എസ് കരയോഗ ഹാൾ, കണ്ണോത്ത് അങ്കണവാടി, തോട്ടപ്പുഴശ്ശേരി വില്ലേജിലെ എം ടി എൽ പി എസ്, ചെറുപുഷ്പം സ്കൂൾ, എ എം എം ടി.ടി.ഐ സ്കൂൾ, കുറ്റൂർ വില്ലേജിലെ തെങ്ങേലി സാസ്കാരിക നിലയം, കുറ്റൂർ എൽ പി എസ്, കുറ്റപ്പുഴ വില്ലേജിലെ തിരുമൂലപുരം കമ്മ്യൂണിറ്റി ഹാൾ, കോയ്പ്പുറം വില്ലേജിലെ തട്ടേക്കാട് സെന്റ് തോമസ് എൽ പി എസ്,  പുലരിക്കാട് ഇ എ എൽ.പി.എസ്, നുഖത്തല സാംസ്കാരിക നിലയം, നെടുമ്പ്രം വില്ലേജിലെ കാരാത്ര കമ്യൂണിറ്റി ഹാൾ, കല്ലുങ്കൾ എം ടി എൽ.പി.എസ്, അമിച്ചക്കരി എം ഡി എൽ.പി.എസ്, കടപ്ര വില്ലേജിലെ തേവർക്കുഴി എം ഡി എൽ.പി.എസ്, മാന്നാർ എം എസ് എം യു പി എസ്, വടക്കുംഭാഗം സെൻട്രൽ എൽ പി എസ്, തോക്കനടി പാരിഷ് ഹാൾ, വളഞ്ഞവട്ടം പി ആർ എഫ്, എടത്തേക്കേരിൽ സ്കൂൾ, കണ്ണേച്ചേരിൽ സ്കൂൾ, നിരണം വില്ലേജിലെ തേവേരി സെന്റ് തോമസ് ഹൈസ്കൂൾ, നിരണം വെസ്റ്റ് എം ടി എൽ.പി.എസ്, പെരിങ്ങര വില്ലേജിലെ മേപ്രാൽ സെന്റ് ജോൺസ് സ്കൂൾ, ചാത്തങ്കരി ന്യൂ എൽ.പി.എസ് എന്നിവയാണ് തിരുവല്ല താലൂക്കിലെ ക്യമ്പുകൾ.

കോഴഞ്ചേരി താലൂക്കിൽ ഒൻപത് ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്. കിടങ്ങന്നൂർ വില്ലേജിലെ എഴിക്കാട് കമ്മ്യൂണിറ്റി ഹാൾ, എഴിക്കാട് നഴ്സറി സ്കൂൾ, കിടങ്ങന്നൂർ ഗവ.എൽ.പി.എസ്, വല്ലന എസ് എൻ ഡി പി സ്കൂൾ, നീർവിളാകം എം ഡി എൽ.പി.എസ്, ആറന്മുള വില്ലേജിലെ മാലക്കര ഗവ.യു പി എസ്, ആറാട്ടുപുഴ ഗവ. യു പി എസ്, മല്ലപ്പുഴശ്ശരി വില്ലേജിലെ ഓന്തേക്കാട് എം ടി എൽ.പി.എസ്, കുറുന്താർ കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിലാണ് കോഴഞ്ചേരിയിലെ ക്യാമ്പുകൾ പ്രവർത്തിക്കുന്നത്.

(പിഎൻപി 2318/18)

## കോഴഞ്ചേരി താലൂക്കിലെ ക്യാമ്പുകളിൽ ആർ ഡി ഒ സന്ദർശനം നടത്തി

അടൂർ ആർ ഡി ഒ എം.എ.റിഹിമിന്റെ  നേതൃത്വത്തിലുള്ള റവന്യൂ സംഘം കോഴഞ്ചേരി താലൂക്കിലെ ഒൻപത് ദുരുതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി. കിടങ്ങന്നൂർ, ആറന്മുള, മല്ലപ്പുഴശ്ശരി വില്ലേജുകളിലായി പ്രവർത്തിക്കുന്ന താലൂക്കിലെ എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും സംഘം നേരിട്ടെത്തി സ്ഥിതിഗതികൾ വിലയിരുത്തി. ക്യാമ്പുക

ളിൽ കഴിയുന്നവർക്ക് ആവശ്യമായ പലചരക്ക് സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് എത്തിച്ചിരുന്നു. പച്ചക്കറി തുടങ്ങിയ സാധനങ്ങൾ വില്ലേജ് ഓഫീസർമാർ പ്രാദശികമായി വാങ്ങി ക്യാമ്പുകളിൽ എത്തിച്ചു. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള ഗ്യാസ് സിലണ്ടറുകളും സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും എല്ലാ ക്യാമ്പുകളിലും എത്തിച്ചിരുന്നു. ഭക്ഷണം, താമസം ഇവയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ ഇല്ലെന്ന് ക്യാമ്പ് നിവാസികൾ ആർ ഡി ഒ യെ അറിയിച്ചു. സംഘത്തിൽ താലൂക്ക് ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി തഹസിൽദാർ സി ഗംഗാധരൻ തമ്പി, വില്ലേജ് ഓഫീസർമാരായ സീന, അനിത കുമാരി, ആശ, വിവിധ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരും ഉണ്ടായിരുന്നു.

(പിഎൻപി 2319/18)

## ദുരിതാശ്വാസം: സന്നദ്ധ സംഘടനകളുടെ യോഗം ഇന്ന്

ജില്ലയിൽ കാലവർഷക്കെടുതിയെ തുടർന്നുള്ള ദുരുതാശ്വാസ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതപ്പെടുത്തുന്നതിന് ജില്ലയിലെ സന്നദ്ധ സേവാ സംഘടനകളുടെ യോഗം ഇന്ന് (13 ന്) വൈകിട്ട് മൂന്നിന് ജില്ലാ കലക് ടറുടെ അധ്യക്ഷതയിൽ കലകട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. ജില്ലയിലെ എല്ലാ സന്നദ്ധ സംഘടനാ ഭാരവാഹികളും യോഗത്തിൽ പങ്കെടുക്കണമെന്ന് ജില്ലാ കലക് ടർ അഭ്യർഥിച്ചു.

(പിഎൻപി 2320/18)

## ഫോട്ടോ അടിക്കുറിപ്പ്

1, 2 കോഴഞ്ചേരി താലൂക്കിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ ആർ ഡി ഒ എം എ റഹിമിന്റെ നേതൃത്വത്തിൽ റവന്യൂ സംഘം സന്ദർശനം നടത്തുന്നു

3. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ദുരിതാശ്വാസ ക്യാമ്പുകളിൽ




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| ആഗസ്റ്റ് 12<br>August 12 | 2018 |
|---|---|

*1193 കർക്കിടകം 27 ഞായർ*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ദുരിതാശ്വാസം: സംഘടനകളുടെ യോഗം ഇന്ന് (13)**

ജില്ലയിൽ കാലവർഷക്കെടുതിയെ തുടർന്നുള്ള ദുരുതാശ്വാസ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതപ്പെടുത്തുന്നതിന് ജില്ലയിലെ സന്നദ്ധ സംഘടനകളുടെയും,ബാങ്ക് പ്രതിനിധികളുടേയും,വ്യാപാരി വ്യവസായി സംഘടന പ്രതിനിധികളുടേയും, യോഗം ഇന്ന് (13 ന്) വൈകിട്ട് മൂന്നിന് ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കലകട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. ബന്ധപ്പെട്ട എല്ലാവരും യോഗത്തിൽ പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർഥിച്ചു.

(പിഎൻപി 2321/18)

**അവധി**

തിരുവല്ല താലൂക്കിലെയും കോഴഞ്ചേരി താലൂക്കിലെ അറൻമുള, മല്ലപ്പുഴശേരി പഞ്ചായത്തുകളിലെയും അങ്കണവാടികൾ മുതലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും(പ്രൊഫഷണൽ കേളജുകൾ ഒഴികെ) ഇന്ന് (13 ന്) അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവായി.

(പിഎൻപി 2322/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) കോഴഞ്ചേരി താലൂക്കിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകൾ




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്